## പതിനാലാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം **നമ്പർ : * 99** **28.04.2017** ൽ മറുപടിയ്ക്ക്

## മൂന്നാർ മേഖലയിലെ ഭൂമി കയ്യേറ്റം നടത്തുന്നവർക്കെതിരെ നടപടി

**ചോദ്യം**

**ശ്രീ.പാറക്കൽ അബ്ദുല്ല**
**ഡോ.എം. കെ. മുനീർ**
**ശ്രീ.പി.ബി. അബ്ദുൽ റസ്സാക്ക്**
**ശ്രീ. അബ്ദുൽ ഹമീദ് പി**

**മറുപടി**

**ശ്രീ.ഇ. ചന്ദ്രശേഖരൻ**
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | മൂന്നാർ മേഖലയിലെ അനധികൃത കയ്യേറ്റങ്ങൾ, അവയിലുള്ള നിയമരഹിത നിർമ്മാണങ്ങൾ എന്നിവ തടയുന്ന കാര്യത്തിലും, കയ്യേറ്റ ഭൂമി തിരിച്ചു പിടിക്കുന്ന കാര്യത്തിലും സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ)മൂന്നാർ മേഖലയിൽ അനധികൃത നിർമ്മാണങ്ങൾ തടയുന്നതിന്റെ ഭാഗമായി എല്ലാ നിർമ്മാണ പ്രവർത്തനങ്ങൾക്കും റവന്യൂ വകുപ്പിൽ നിന്നുള്ള എൻ.ഒ.സി നിർബന്ധമാക്കിയിട്ടുള്ളതാണ്. ഇപ്രകാരം എൻ.ഒ.സി എടുക്കാതെ നടത്തിയിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് റവന്യൂ വകുപ്പിൽ നിന്നും നിരോധന ഉത്തരവ് നൽകിയിട്ടുള്ളതും ആയതിനെ അവഗണിച്ച് നിർമ്മാണ പ്രവർത്തനം നടത്തിയിട്ടുള്ളതായ കെട്ടിട ഉടമകൾക്കെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. അനധികൃത കൈയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ട നിരവധി കേസുകളിൽ കൈയ്യേറ്റക്കാരെ ഒഴിപ്പിച്ച് ഭൂമി വീണ്ടെടുത്തിട്ടുള്ളതും, എന്നാൽ ചില കൈയ്യേറ്റക്കാർ വിവിധ കോടതികളിൽ നിന്നും സ്റ്റേ ഉത്തരവ് സമ്പാദിച്ചിട്ടുള്ളതിനാൽ, ഒഴിപ്പിക്കൽ നടപടികൾ സാധിച്ചിട്ടില്ലാത്തതും, ടി കേസുകളിന്മേൽ ബന്ധപ്പെട്ട കോടതികൾ മുമ്പാകെ വസ്തുതാ വിവരണ പ്രസ്താവന, എതിർ സത്യവാങ്മൂലം എന്നിവ സമയബന്ധിതമായി തന്നെ സമർപ്പിച്ച് പോരുന്നതുമാണ്. ഒഴിപ്പിച്ച സർക്കാർ ഭൂമി വീണ്ടും കയ്യേറപ്പെടാതെ സംരക്ഷിക്കുന്നതിലേയ്ക്കായി ഭൂസംരക്ഷണ സേനയുടെ പട്രോളിംഗ് നടത്തി പോരുന്നു. സർക്കാർ ഭൂമികളിന്മേലുള്ള കയ്യേറ്റമെന്നു കണ്ടെത്തിയതും വിവിധ കോടതികളിൽ നടപടികളിലിരിക്കുന്നതും, ഒഴിപ്പിക്കൽ നടപടി സ്വീകരിക്കുവാൻ അവശേഷിക്കുന്നതുമായ കേസുകളിൽ കോടതി നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് |

| | | |
|---|---|---|
| | | ഉചിതമായ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുന്നതാണ്. |
| (ബി) | കയ്യേറ്റങ്ങൾ ന്യായീകരിക്കുന്ന കാര്യത്തിലും, നിയമാനുസൃത നടപടി സ്വീകരിക്കുന്ന ഉദ്യോഗസ്ഥരെ ഭീഷണിപ്പെടുത്തി പിൻതിരിപ്പിക്കുന്ന കാര്യത്തിലും ചില രാഷ്ട്രീയ പ്രസ്ഥാനങ്ങൾ ഇടപെടലുകൾ നടത്തുന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ; | (ബി)ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | എങ്കിൽ പരിസ്ഥിതി ലോല മേഖലയിലെ പൊതു സ്വത്തായ ഭൂമി നിയമവ്യവസ്ഥകൾ ലംഘിച്ചും ഉദ്യോഗസ്ഥരെ ഭീഷണിപ്പെടുത്തിയും പരിസ്ഥിതിക്ക് ഗുരുതരാഘാതമുണ്ടാക്കും വിധം കയ്യേറ്റം നടത്തുന്നവർക്കെതിരെ എന്തൊക്കെ നടപടികളാണ് സർക്കാരിന് സ്വീകരിക്കാൻ സാധിക്കുന്നത്; അത്തരം നടപടികൾ സ്വീകരിക്കുമോ? | (സി) സർക്കാർ തലത്തിൽ കൈയ്യേറ്റക്കാർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിച്ചു വരുന്നതും നിയമ വിരുദ്ധമായി കയ്യേറിയ സർക്കാർ ഭൂമി ഒഴിപ്പിക്കുന്നതിനും, സർക്കാർ കൈവശത്തിലാക്കുന്നതിനുമുള്ള നടപടികൾ പുരോഗമിച്ചു വരുന്നതുമാണ്. കൈയ്യേറ്റങ്ങൾ ഒഴിപ്പിച്ച സ്ഥലത്ത് വീണ്ടും കയ്യേറ്റം നടത്തുന്നത് തടയുന്നതിനായി പോലീസ് നിരീക്ഷണം ഏർപ്പെടുത്തിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ